**SET- A**

# കണ്ണൂർ ജില്ലാ പഞ്ചായത്ത്
## ഡയറ്റ് കണ്ണൂർ - സമഗ്രശിക്ഷ കേരളം കണ്ണൂർ
## സമഗ്രവിദ്യാഭ്യാസ പദ്ധതി
## എസ്എസ്എൽസി മാതൃകാ പരീക്ഷ 2023

## മലയാളം

ആകെ സ്കോർ: 40 **FIRST LANGUAGE- PAPER II** സമയം: $1\frac{1}{2}$ മണിക്കൂർ

---

നിർദേശങ്ങൾ

- **ആദ്യത്തെ പതിനഞ്ച് മിനുട്ട് സമാശ്വാസ സമയമാണ് . ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്**
- **ചോദ്യങ്ങളും നിർദ്ദേശങ്ങളും വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക**
- **ഉത്തരമെഴുതുമ്പോൾ സ്കോർ ,സമയം എന്നിവ പരിഗണിക്കണം**

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

**(4x1=4)**

1. ''എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ.....''

    -ചാക്കുണ്ണിയുടെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്?

    • കണക്ക് സൂക്ഷിക്കണമെന്ന തോന്നൽ

    • മകൻ മരിച്ചതിലുള്ള വേദന

    • റേഡിയോ പണയപ്പെടുത്തിയതിലുള്ള സങ്കടം

    • അളവുകൾ തെറ്റി തുന്നുന്നതിലുള്ള കുറ്റബോധം

2. 'സത്യം കണ്ടുപിടിക്കാൻ പല അടവുകളും നോക്കേണ്ടിവരും; ഗുണിക്കൽ, ഹരിക്കൽ, അഭ്യൂഹം, ഭാവന തുടങ്ങി പലതും'- പത്രത്തെ കുറിച്ചുള്ള സുകുമാർ അഴീക്കോടിന്റെ ഈ നിരീക്ഷണത്തിന്റെ പൊരുളെന്ത്?

    • പത്രങ്ങൾ നൽകുന്ന വാർത്തകൾ പലപ്പോഴും കൃത്യമല്ല

    • വളരെ വിശദമായി വായിച്ചാലേ പത്രവാർത്ത മനസ്സിലാവൂ

    • പത്രഭാഷ കഠിനമാണ്

    • പത്രവായന വളരെ പ്രയാസകരമാണ്.

3. ലളിതോദാഹരണം- എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

    • ലാളിത്യത്തിന്റെ ഉദാഹരണം

    • ലളിതവും ഉദാഹരണവും

    • ലളിതമായ ഉദാഹരണം

    • ലളിതമെന്ന ഉദാഹരണം

4. “തായ്മൊഴി തന്നീണമെങ്ങനെ?’’

-കാവ്യസന്ദർഭത്തിൽ അടിവരയിട്ട പദം സൂചിപ്പിക്കുന്നതെന്ത്?

- താരാട്ട്
- ഗുരുവചനം
- മഹത് വചനം
- മാതൃഭാഷ

5. മാതൃകപോലെ മാറ്റി എഴുതുക

മാതൃക : നീരറ്റു- നീര്, അറ്റു

കൈച്ചുള്ളികൾ- .......... , ..................

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **(2x2=4)**

6. ‘അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗനത്തിലേക്ക് ഇറങ്ങിപ്പോകുന്നു.’ (ഓരോ വിളിയും കാത്ത്)

-തന്നിരിക്കുന്ന സന്ദർഭത്തിൽ തെളിയുന്ന അമ്മയുടെ അവസ്ഥകൾ എന്തെല്ലാമെന്ന് കണ്ടെത്തി എഴുതുക.

7. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി മാറ്റിയെഴുതുക.

പത്രം ലോകത്തെ നമ്മുടെ മടിയിൽ എത്തിക്കുമ്പോൾ, നമ്മുടെ അകായിലെ സംഭവത്തെ ലോകത്തിന്റെ മുൻപിലും എത്തിക്കുന്നു.

8. ‘പഴയൊരു പുള്ളുവനാണല്ലോ ഞാൻ ....’ (ഓണമുറ്റത്ത്)

-കവി സ്വയം ഒരു പുള്ളുവനായി സങ്കല്പിക്കുന്നതിന്റെ യുക്തി എന്ത് ?

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക (അരപ്പുറം)**

**(5x4=20)**

9. ‘ഓരോ വിളിയും കാത്ത്’, ‘അമ്മത്തൊട്ടിൽ’ എന്നീ രചനകളിലെ മക്കൾക്ക് അമ്മയോടുള്ള സമീപനം താരതമ്യം ചെയ്തു കുറിപ്പു തയ്യാറാക്കുക.

10. ‘ഒരു കയ്യാലകൊണ്ടു വേർതിരിക്കപ്പെട്ട രണ്ടു പറമ്പ് കുറേക്കാലം മുമ്പ് രണ്ടും ഒന്നായിരുന്നു.’ (കോഴിയും കിഴവിയും- കാരൂർ നീലകണ്ഠപ്പിള്ള)

‘എന്റെ പ്രിയപ്പെട്ട അയൽക്കാരാ-
നമ്മുടെ വീടുകൾക്കിടയിൽ
പരസ്പരം കാണാനാകാത്ത വിധം
എന്തിനാണ്
ഇങ്ങനെയൊരെണ്ണം
നീ കെട്ടിയുയർത്തിയത്......?’ (മതിൽ- പവിത്രൻ തീക്കുനി)

- തന്നിരിക്കുന്ന രണ്ടു രചനാഭാഗങ്ങളെയും മുൻനിർത്തി അയൽപക്ക ബന്ധങ്ങളിൽ വന്നു ചേരുന്ന മാറ്റങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. ‘ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി’. (ശ്രീനാരായണ ഗുരു)

- ഇത്തരത്തിലുള്ള ശ്രീനാരായണ സന്ദേശങ്ങളുടെ സമകാലിക പ്രസക്തി വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

12. 'എത്ര കൗതൂഹലം, നോക്കിയാൽ മിണ്ടുമി-
ച്ചിത്രലേഖത്തിന്റെ താളുകൾ,.......'

- അമ്മയുടെ എഴുത്തുകൾ മകന് ഹൃദയസ്പർശിയായ അനുഭവമായി മാറുന്നതെങ്ങനെയെല്ലാം?വിശദമാക്കുക.

13. 'ഏറെത്തണുക്കുന്നു, ചില്ലുയർത്തീടുമ്പൊ-
ളോർത്തു, കരിമ്പടം, അമ്മവയറ്റത്തു
പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്
കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചയി-
ലോലക്കൊടികൾ പുകയുന്നതിൻ മണം' (അമ്മത്തൊട്ടിൽ )

- കാവ്യസന്ദർഭത്തിൽ തെളിയുന്ന അമ്മയോർമ്മകൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

14. 'തിരികൾ തെറുത്തു, കൊളുത്താനുറ്റ മു-
ഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങിയ
കരവിരലോടെ, ദീപക്കുറ്റികൾ
നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ' (ഓണമുറ്റത്ത്)

- തന്നിരിക്കുന്ന വരികളുടെ കാവ്യഭംഗി വ്യക്തമാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക (ഒരുപുറം)**

**(2x6=12)**

15. 'കേരളത്തിലെ കർഷകരനുഭവിച്ച ദുരിത ജീവിതത്തിന്റെയും അതിജീവനത്തിന്റെയും കഥയാണ് രണ്ടിടങ്ങഴി'.

- ഈ പ്രസ്താവനയും നോവൽ ഭാഗവും പരിഗണിച്ച് 'കർഷകജീവിതം അന്നും ഇന്നും' എന്ന വിഷയത്തിൽ ലഘൂപന്യാസം തയ്യാറാക്കുക.

16. 'സ്വർണല്ലാണ്ട് ഒന്നും ഞങ്ങൾ എടുക്കാറില്ല്യ. ഇതിപ്പോ നീയ് ആദ്യായിട്ട് ഒരു കാര്യം വന്ന് ചോയിക്കുമ്പോ ഇല്ലാന്നെങ്ങന്യാ പറയ്വാ!'

'ഈ റേഡിയോം പാട്ട്വക്കെ ഇനിക്കത്ര പിടിത്തല്ല്യാ. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്! ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം' (പണയം)

-മറ്റ് കഥാസന്ദർഭങ്ങൾ കൂടി പരിഗണിച്ച് ചെമ്പുമത്തായി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17. 'തിരിഞ്ഞു നോക്കുമ്പോൾ എത്രയെത്ര മാവുകളാണ് എന്റെ ഓർമ്മയിൽ വന്നു നിരന്നു നിരന്നു നിൽക്കുന്നത്...... പത്തു നാല്പത്തഞ്ചു കൊല്ലങ്ങൾക്കപ്പുറത്തു നിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്തു വന്നു നിറയുന്നു. (കൊച്ചുചക്കരച്ചി)

'പറയൂ നാട്ടിൻ പുറത്തുള്ള മാങ്ങകൾക്കെല്ലാം
രുചിയീ മാംഗോ ഫ്രൂട്ടിക്കുള്ള പോലാണോ, കൊച്ചു-
മകൾ ചോദിപ്പൂ....... (മാമ്പഴക്കാലം-പി.പി രാമചന്ദ്രൻ)

-തന്നിരിക്കുന്ന സന്ദർഭങ്ങളെ മുൻനിർത്തി 'പ്രകൃതിയുമായി ഇണങ്ങി ജീവിക്കേണ്ടതിന്റെ ആവശ്യകത' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.